ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1047

# സൂറ – 33 / അൽ അഹ്സാബ്

**സൂക്തം: 64 – 69**

മനഃപൂർവം പ്രവാചകനെ പീഡിപ്പിക്കുന്നതിനു വേണ്ടി ആക്ഷേപങ്ങളും ആരോപണങ്ങളും ഉന്നയിച്ചിരുന്നവരാണ് മുനാഫിഖുകൾ. അവരെ വിശ്വസിച്ച് അതൊക്കെ ഏറ്റുപാടാൻ തയാറായിരുന്നു ഉപരിപ്ലവ വിശ്വാസികൾ. കാര്യങ്ങളുടെ നിജഃസ്ഥിതി അന്വേഷിക്കാനോ അറിയാനോ മെനക്കെടാതെ ചില യഥാർഥ വിശ്വാസികളും ഈ അബദ്ധത്തിൽ അകപ്പെട്ടിരുന്നു.

إِنَّ ٱللَّهَ لَعَنَ ٱلْكَـٰفِرِينَ وَأَعَدَّ لَهُمْ سَعِيرًا ﴿٦٤﴾

64. സത്യനിഷേധികളെ അല്ലാഹു അഭിശപ്തരാക്കിയിരിക്കുന്നു. അവർക്കായി ആളിക്കത്തുന്ന നരകം ഒരുക്കുകയും ചെയ്തിരിക്കുന്നു.

خَـٰلِدِينَ فِيهَآ أَبَدًا ۖ لَّا يَجِدُونَ وَلِيًّا وَلَا نَصِيرًا ﴿٦٥﴾

65. അവർ അനന്തമായി എന്നെന്നും അതിൽതന്നെ വസിക്കുന്നതാകുന്നു. രക്ഷകനായോ സഹായിയായോ ആരെയും കണ്ടെത്താൻ അവർക്കാവില്ല.

**64,65**

إِنَّ اللَّهَ = തീർച്ചയായും അല്ലാഹു
لَعَنَ الْكَافِرِينَ = സത്യനിഷേധികളെ ശപിച്ചു അഭിശപ്തരാക്കിയിരിക്കുന്നു)
وَأَعَدَّ لَهُمْ = അവർക്കായി ഒരുക്കുകയും ചെയ്തിരിക്കുന്നു سَعِيرًا = ആളിക്കത്തുന്ന നരകം
خَالِدِينَ فِيهَا = (അതിൽതന്നെ വസിക്കുന്നതാകുന്നു) അനന്തമായ നിലയിൽ അവർ
أَبَدًا = എന്നെന്നും لَّا يَجِدُونَ = അവർ കണ്ടെത്തുകയി(അവർക്കു കണ്ടെത്താനാവി)ല്ല
وَلِيًّا = (രക്ഷകനായോ) യാതൊരു രക്ഷകനെയും وَلَا نَصِيرًا = (സഹായിയായോ ആരെയും) സഹായിയെയും

മുൻ സൂക്തം സൂചിപ്പിച്ച, ഖിയാമത്തിന്റെ ഗാംഭീര്യവും ഭയാനകതയും തെളിയിച്ചു പറയുകയാണീ സൂക്തങ്ങൾ. പരലോകത്തെയും അതുപോലുള്ള സമാന സത്യങ്ങളെയും നിഷേധിച്ചു വാഴുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ശാപം (لَعْنَةُ الله) എന്നാൽ എല്ലാ നന്മകളിൽ നിന്നും ആട്ടിയോടിക്കപ്പെടലാണ്. അവർക്ക് പിന്നെ ദൈവത്തിന്റെ കനിവും കാരുണ്യവും ഒട്ടും പ്രതീക്ഷിക്കാനാവില്ല. കത്തിയെരിയുന്ന നരകമാണവരെ കാത്തിരിക്കുന്നത്. മോചനമില്ലാതെ എന്നെന്നും അവർ അതിൽതന്നെ വസിക്കും. അവർ പൂജിക്കുന്ന ബഹുദൈവങ്ങളൊന്നും അവരെ രക്ഷിക്കാനെത്തുകയില്ല. ഈ ലോകത്ത് അവർ ഊറ്റം കൊള്ളുന്ന സംഘബലവും നേതാക്കളും ഒരു സഹായവും ചെയ്യില്ല. ●

يَوۡمَ تُقَلَّبُ وُجُوهُهُمۡ فِي ٱلنَّارِ يَقُولُونَ يَٰلَيۡتَنَآ أَطَعۡنَا ٱللَّهَ وَأَطَعۡنَا ٱلرَّسُولَا۠ ٦٦

66. അവരുടെ വദനങ്ങള്‍ നരകത്തില്‍ തിരിച്ചു മറിക്കപ്പെടുന്ന നാളില്‍ വിലപിച്ചുകൊണ്ടിരിക്കും: ഹാ കഷ്ടം! ഞങ്ങള്‍ അല്ലാഹുവിനെയും ദൈവദൂതനെയും അനുസരിച്ചിരുന്നുവെങ്കില്‍!

وَقَالُواْ رَبَّنَآ إِنَّآ أَطَعۡنَا سَادَتَنَا وَكُبَرَآءَنَا فَأَضَلُّونَا ٱلسَّبِيلَا۠ ٦٧

67. അവര്‍ പരിതപിക്കുന്നു: നാഥാ, ഞങ്ങള്‍ ഞങ്ങളുടെ യജമാനന്മാര്‍ക്കു നായകന്മാര്‍ക്കും വഴിപ്പെട്ടുപോയി. അവരോ, ഞങ്ങളെ വഴിതെറ്റിച്ചുകളഞ്ഞു.

رَبَّنَآ ءَاتِهِمۡ ضِعۡفَيۡنِ مِنَ ٱلۡعَذَابِ وَٱلۡعَنۡهُمۡ لَعۡنٗا كَبِيرٗا ٦٨

68. നാഥാ, അവര്‍ക്ക് ഇരട്ടി ശിക്ഷ നല്‍കേണമേ! അവരെ കൊടിയ ശാപം ശപിക്കേണമേ?!

**66-68**

يَوْمَ تُقَلَّبُ = അവരുടെ വദനങ്ങള്‍ = وُجُوهُهُمْ തിരിച്ചു മറിക്കപ്പെടുന്ന നാള്‍

فِي النَّارِ = നരകത്തില്‍ يَقُولُونَ = അവര്‍ പറയുന്നു (വിലപിച്ചുകൊണ്ടിരിക്കും)

يَا لَيْتَنَا أَطَعْنَا اللَّهَ وَأَطَعْنَا الرَّسُولَا = ഹാ കഷ്ടം! ഞങ്ങള്‍ അല്ലാഹുവിനെയും ദൈവദൂതനെയും അനുസരിച്ചിരുന്നുവെങ്കില്‍ (എത്ര നന്നായിരുന്നേനെ)

وَقَالُوا = അവര്‍ പറഞ്ഞു (പരിതപിക്കുന്നു) رَبَّنَا = ഞങ്ങളുടെ നാഥാ

إِنَّا أَطَعْنَا سَادَتَنَا وَكُبَرَاءَنَا = ഞങ്ങള്‍ ഞങ്ങളുടെ യജമാനന്മാര്‍ക്കും നായകന്മാര്‍ക്കും വഴിപ്പെട്ടുപോയി

فَأَضَلُّونَا السَّبِيلَا = അവ(രോ)ര്‍ ഞങ്ങളെ വഴിതെറ്റിച്ചുകളഞ്ഞു رَبَّنَا = ഞങ്ങളുടെ നാഥാ

آتِهِمْ ضِعْفَيْنِ = അവര്‍ക്ക് നീ ഇരട്ടി നല്‍കേണമേ مِنَ الْعَذَابِ = ശിക്ഷയില്‍നിന്ന്

وَالْعَنْهُمْ = അവരെ നീ ശപിക്കേണമേ لَعْنًا كَبِيرًا = കൊടിയ ശാപം

അവര്‍ മുഖംകുത്തി നരകാഗ്നിയിലെറിയപ്പെടുന്നു. മാംസം വേവിക്കുമ്പോള്‍ എല്ലാ വശവും ഒരുപോലെ വേവാന്‍ തീയില്‍ തിരിച്ചുമറിക്കുന്നതുപോലെ ആ മുഖങ്ങള്‍ നരകത്തീയില്‍ തിരിച്ചുമറിക്കപ്പെട്ടുകൊണ്ടിരിക്കും. മുഖം മാത്രമല്ല ഉടല്‍ മുഴുവന്‍ തീ പടരും.സത്യ-ധര്‍മങ്ങളോടുള്ള ധിക്കാരവും ധാര്‍ഷ്ട്യവും ഏറെ പ്രകടമായിരുന്നത് മുഖങ്ങളിലൂടെയായിരുന്നതുകൊണ്ടാവാം ഇവിടെ മുഖത്തെ പ്രത്യേകം പരാമര്‍ശിച്ചത്. ഇന്ന് ഖിയാമത്തിനെയും രക്ഷാശിക്ഷകളെയും പുഛിച്ചുതള്ളിയവര്‍ അന്ന് നെടുംഖേദത്തോടെ വിലപിച്ചുകൊണ്ടിരിക്കും: ഹാ കഷ്ടം! ഞങ്ങള്‍ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിച്ചിരുന്നുവെങ്കില്‍ ഈ ഗതി വരുമായിരുന്നില്ലല്ലോ. നാഥാ, ഞങ്ങള്‍ ഞങ്ങളുടെ യജമാനന്മാര്‍ക്കും നേതാക്കള്‍ക്കും വഴിപ്പെട്ടുപോയി. അവരോ, ഞങ്ങളെ വഴിപിഴപ്പിച്ചുകളഞ്ഞു. നാഥാ, അവര്‍ക്ക് നീ ഇരട്ടി ശിക്ഷ നല്‍കേണമേ! അവരെ കൊടൂരമായി ശപിക്കുകയും ചെയ്യേണമേ! ഇങ്ങനെ അവര്‍ തങ്ങളുടെ സകല കുറ്റങ്ങളും യജമാനന്മാരിലും നേതാക്കളിലും കെട്ടിവെക്കുന്നു. سادة-ഉം كبراء- ഉം പര്യായങ്ങളാണ്. എങ്കിലും സൂക്ഷ്മമായ അര്‍ഥത്തില്‍ വ്യത്യാസമുണ്ട്. سيّد-ന്റെ ബഹുവചനമാണ് سادة. ഇതിന് سادات എന്നും ബഹുവചനമുണ്ട്. നേതൃത്വത്തോടൊപ്പം ശ്രേഷ്ഠതയും അനുസരിക്കപ്പെടാനുള്ള യോഗ്യതയും ചേര്‍ന്ന വ്യക്തിത്വമാണ് سيّد. ഏതാണ്ടിതിനു തുല്യമായ മലയാള പദമാണ് യജമാനന്‍. പൊതുകാര്യപ്രസക്തരും തൊഴിലുടമകളും മേലുദ്യോഗസ്ഥരുമൊക്കെ سيد എന്നു വിളിക്കപ്പെടാറുണ്ട്. പ്രവാചക കുടുംബത്തില്‍ പെട്ടവര്‍ പൊതുവില്‍ സാദാത്ത് (തങ്ങന്മാര്‍) എന്നറിയപ്പെടുന്നു. കബീറിന്റെ ബഹുവചനമാണ് 'കുബറാഅ്.' 'വലിയത്' ആണ് കബീര്‍. നേതാവ്, കാരണവര്‍, ഉന്നതന്‍, വൃദ്ധന്‍ തുടങ്ങിയ അര്‍ഥങ്ങളിലും ഉപയോഗിക്കുന്നു. അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങളിലൊന്നുമാണ് 'കബീര്‍.' ഇതില്‍നിന്നുള്ള 'അക്ബര്‍' അത്യുന്നതന്‍. ഗോത്രത്തിന്റെയും കുടുംബത്തിന്റെയും തലവന്നും 'കബീര്‍' എന്നു പറയും. മകന്‍ പിതാവിനെ ഉദ്ദേശിച്ച് 'കബീറീ' എന്നു പറയും. 'കിബ്‌രിയാഅ്' പ്രൗഢിയും 'തകബ്ബുര്‍' അഹന്തയുമാകുന്നു. ഇവിടെ സാദത്ത് കൊണ്ടുദ്ദേശ്യം ജനനായകരും കുബറാഅ് കൊണ്ടുദ്ദേശ്യം കുടുംബത്തലവന്മാരും മതപുരോഹിതന്മാരുമാണെന്ന് ചില വ്യാഖ്യാതാക്കള്‍ അഭിപ്രായപ്പെട്ടിരിക്കുന്നു. ആളുകളെ അന്ധവിശ്വാസങ്ങളിലേക്കും അനാചാരങ്ങളിലേക്കും നയിക്കുന്നതില്‍ ഇന്നെന്നപോലെ പണ്ടും മുഖ്യപങ്കു വഹിക്കുന്നവരായിരുന്നു പുരോഹിതന്മാരും സമുദായ നേതാക്കളും കുടുംബ കാരണവന്മാരും. അധികമാളുകള്‍ക്കും ഇക്കൂട്ടരാല്‍ തങ്ങള്‍ വഴിപിഴപ്പിക്കപ്പെടുകയായിരുന്നുവെന്ന് ബോധ്യപ്പെടുക അന്ത്യനാളില്‍ വിചാരണാ സഭയിലെത്തുമ്പോഴാണ്. അപ്പോള്‍ പക്ഷേ അത് ബോധ്യപ്പെട്ടതുകൊണ്ട് ഒരു പ്രയോജനവുമില്ല. അല്ലാഹു ഓരോ വ്യക്തിക്കും സത്യവും അസത്യവും തിരിച്ചറിയാനുള്ള ബുദ്ധി പ്രദാനം ചെയ്തിട്ടുണ്ട്. മുന്നില്‍ വരുന്നതെന്തിനെയും ആ ഉരകല്ലില്‍ പരിശോധിക്കാന്‍ അവന്‍ ബാധ്യസ്ഥനാണ്. ബുദ്ധി ഉപയോഗിക്കുന്നവര്‍ക്കും ചിലപ്പോള്‍ തെറ്റു പറ്റാം. അവര്‍ക്ക് അല്ലാഹുവിന്റെ ദയയും ദാക്ഷിണ്യവും പ്രതീക്ഷിക്കാം. പക്ഷേ സ്വന്തം ബുദ്ധിയും ചിന്താശേഷിയും ഉപയോ

ഗിക്കാതെ അന്ധമായി മറ്റുള്ളവരെ അനുകരിച്ച് ആപത്തിൽ ചാടുന്നവർക്ക് ഒരു ന്യായവുമില്ല. അവർ ഈ സൂക്തങ്ങൾ പറയുന്ന പരിണതിക്ക് വിധിക്കപ്പെട്ടിരിക്കുന്നു.

ബുദ്ധിയും വിചാരവും ഉപയോഗിക്കാതെ മറ്റുള്ളവരുടെ ഇംഗിതമനുസരിച്ച് ചരിച്ച് പാരത്രിക ജീവിതം നഷ്ടപ്പെടുത്തുന്നവരുടെ വിലാപം ഖുർആൻ പല സ്ഥലങ്ങളിൽ ആവർത്തിച്ച് അനുസ്മരിക്കുന്നുണ്ട്.

قَالَ ادْخُلُوا فِي أُمَمٍ قَدْ خَلَتْ مِن قَبْلِكُم مِّنَ الْجِنِّ وَالْإِنسِ فِي النَّارِ ۖ كُلَّمَا دَخَلَتْ أُمَّةٌ لَّعَنَتْ أُخْتَهَا ۖ حَتَّىٰ إِذَا ادَّارَكُوا فِيهَا جَمِيعًا قَالَتْ أُخْرَاهُمْ لِأُولَاهُمْ رَبَّنَا هَٰؤُلَاءِ أَضَلُّونَا فَآتِهِمْ عَذَابًا ضِعْفًا مِّنَ النَّارِ ۖ قَالَ لِكُلٍّ ضِعْفٌ وَلَٰكِن لَّا تَعْلَمُونَ ﴿٣٨﴾

(അല്ലാഹു അവരോട് ആജ്ഞാപിക്കുന്നു. പോകുവിൻ, നിങ്ങൾക്കു മുമ്പ് പല ജിന്ന്സമൂഹങ്ങളും മർത്യസമൂഹങ്ങളും പോയിട്ടുള്ള നരകത്തിലേക്കുതന്നെ. സഹോദരഗണത്തെ ശപിച്ചുകൊണ്ടാണ് ഓരോ ഗണവും അതിൽ പ്രവേശിക്കുക. അങ്ങനെ എല്ലാവരും അവിടെ ഒന്നിച്ചുകൂടിയാൽ പിൻഗാമികൾ മുൻഗാമികളെക്കുറിച്ച് പ്രാർഥിക്കുന്നു: നാഥാ, ഇക്കൂട്ടരാണ് ഞങ്ങളെ വഴിപിഴപ്പിച്ചത്. അതിനാൽ അവർക്ക് ഇരട്ടി ശിക്ഷ നൽകേണമേ! അല്ലാഹു പറയും: എല്ലാവർക്കും ശിക്ഷ ഇരട്ടി തന്നെ നൽകുന്നുണ്ട്. പക്ഷേ നിങ്ങൾ അറിയുന്നില്ല- 7:38).

وَيَوْمَ يَعَضُّ الظَّالِمُ عَلَىٰ يَدَيْهِ يَقُولُ يَا لَيْتَنِي اتَّخَذْتُ مَعَ الرَّسُولِ سَبِيلًا ﴿٢٧﴾ يَا وَيْلَتَىٰ لَيْتَنِي لَمْ أَتَّخِذْ فُلَانًا خَلِيلًا ﴿٢٨﴾ لَّقَدْ أَضَلَّنِي عَنِ الذِّكْرِ بَعْدَ إِذْ جَاءَنِي ۗ وَكَانَ الشَّيْطَانُ لِلْإِنسَانِ خَذُولًا ﴿٢٩﴾

(അധർമങ്ങളാചരിച്ചു വാണവർ അന്നാളിൽ വിരൽ കടിച്ച് വിലപിക്കുന്നു: ഹാ കഷ്ടം! ഞാൻ ദൈവദൂതന്റെ സന്മാർഗം സ്വീകരിച്ചിരുന്നുവെങ്കിൽ! ഹാ, എന്റെ മഹാ ദൗർഭാഗ്യം! ഇന്നയാളെ ഞാൻ മിത്രമായി സ്വീകരിച്ചിട്ടില്ലായിരുന്നുവെങ്കിൽ! എനിക്ക് സത്യബോധനം വന്നുകിട്ടിയതിനു ശേഷം അയാൾ എന്നെ വഴിതെറ്റിക്കുകയായിരുന്നുവല്ലോ. ചെകുത്താൻ മനുഷ്യന്റെ കൊടും ചതിയൻ തന്നെ- 25:27-29). رُّبَمَا يَوَدُّ الَّذِينَ كَفَرُوا لَوْ كَانُوا مُسْلِمِينَ ﴿٢﴾ (സത്യനിഷേധികൾ കഷ്ടം, തങ്ങൾ മുസ്‌ലിംകളായിരുന്നുവെങ്കിൽ എന്ന് ഖേദത്തോടെ മോഹിക്കുന്ന ഒരു സന്ദർഭം വരുന്നുണ്ട്- 15:2). ●

---

يَا أَيُّهَا الَّذِينَ آمَنُوا لَا تَكُونُوا كَالَّذِينَ آذَوْا مُوسَىٰ فَبَرَّأَهُ اللَّهُ مِمَّا قَالُوا ۚ وَكَانَ عِندَ اللَّهِ وَجِيهًا ﴿٦٩﴾

69. അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ മൂസാ പ്രവാചകനെ പീഡിപ്പിച്ചവരെപ്പോലെ ആകാതിരിക്കുവിൻ. പിന്നീട് അല്ലാഹു അദ്ദേഹത്തെ അവരുടെ ആരോപണങ്ങളിൽനിന്ന് മുക്തനാക്കി. അല്ലാഹുവിങ്കൽ അദ്ദേഹം ഏറെ പ്രമുഖനായിരുന്നു.

**69**

يَا أَيُّهَا الَّذِينَ آمَنُوا= അല്ലയോ സത്യവിശ്വാസികളേ لَا تَكُونُوا = നിങ്ങൾ ആകാതിരിക്കുവിൻ

كَالَّذِينَ آذَوْا مُوسَىٰ = മൂസാ(പ്രവാചകനെ)യെ പീഡിപ്പിച്ചവരെപ്പോലെ

فَبَرَّأَهُ اللَّهُ = പിന്നീട് അല്ലാഹു അദ്ദേഹത്തെ മുക്തനാക്കി مِمَّا قَالُوا = അവർ പറഞ്ഞതി(രുടെ ആരോപണങ്ങളി)ൽനിന്ന്

وَكَانَ عِندَ اللَّهِ = അല്ലാഹുവിങ്കൽ അദ്ദേഹം ആയിരുന്നു وَجِيهًا = (ഏറെ) പ്രമുഖൻ

മുനാഫിഖുകളിൽനിന്ന് പ്രവാചകനു നേരെ ഉണ്ടായിക്കൊണ്ടിരുന്ന പീഡനങ്ങളെക്കുറിച്ച് പറയുന്നതിനിടെ ആനുഷംഗികമായി പരാമർശിച്ചതായിരുന്നു അന്ത്യനാളിനെക്കുറിച്ചുള്ള ആളുകളുടെ ചോദ്യവും അതിനുള്ള മറുപടിയും. അനന്തരം പ്രഭാഷണം അസൽ വിഷയത്തിലേക്കു തന്നെ തിരിയുകയാണ്. ഇവിടെ 'അല്ലയോ സത്യവിശ്വാസികളേ' എന്ന് സംബോധന ചെയ്യപ്പെടുന്നത് വിശ്വാസികളാണെന്ന് അവകാശപ്പെട്ടുകൊണ്ട് മുസ്‌ലിം സമാജത്തിൽ വിഹരിക്കുന്ന കപടന്മാരും സത്യവിശ്വാസത്തിന്റെ ആന്തരാർഥങ്ങൾ ഉൾക്കൊള്ളാനോ അത് ചുമത്തുന്ന കടമകൾ നിർവഹിക്കാനോ തയാറാവാത്ത ഉപരിപ്ലവ വിശ്വാസികളും ഉൾപ്പെട്ട പൊതു മുസ്‌ലിം സമൂഹത്തെയാണ്. മനഃപൂർവം പ്രവാചകനെ പീഡിപ്പിക്കുന്നതിനു വേണ്ടി ആക്ഷേപങ്ങളും ആരോപണങ്ങളും ഉന്നയിച്ചിരുന്നവരാണ് മുനാഫിഖുകൾ. അവരെ വിശ്വസിച്ച് അതൊക്കെ ഏറ്റുപാടാൻ തയാറായിരുന്നു ഉപരിപ്ലവ വിശ്വാസികൾ. കാര്യങ്ങളുടെ നിജഃസ്ഥിതി അന്വേഷിക്കാനോ അറിയാനോ മെനക്കെടാതെ ചില യഥാർഥ വിശ്വാസികളും ഈ അബദ്ധത്തിൽ അകപ്പെട്ടിരുന്നു.

നൂറ്റാണ്ടുകൾ ഫറവോനികളുടെ ക്രൂരമായ അടിമത്തത്തിൽ അമർന്ന് നരകിച്ചുകഴിഞ്ഞിരുന്ന ഇസ്രാഈല്യരെ ഫറവോനികളിൽനിന്ന് മോചിപ്പിക്കുകയും അവരുടെ സ്വരാജ്യനിർമിതിക്ക് വഴിയൊരുക്കുകയും ചെയ്ത മഹാ പ്രവാചകനായിരുന്നു മൂസാ (അ). ഈ അനുഗ്രഹങ്ങൾ അനുഭവിച്ചുകൊണ്ട് മൂസാ(അ)യുടെ നേതൃത്വത്തിൽ ജീവിച്ച കാലത്ത് ഇസ്രാഈല്യർ തൊട്ടതിനും പിടിച്ചതിനുമെല്ലാം അദ്ദേഹത്തെ ആക്ഷേപിച്ചുകൊണ്ടിരുന്നു. ബൈബിൾ *പുറപ്പാട്, സംഖ്യാ* പുസ്തകങ്ങളിൽ ഇതു സംബന്ധിച്ച ധാരാളം പരാമർശങ്ങൾ കാണാം. ഇസ്രാഈല്യർ തനിക്കെതിരെ ഉന്നയിച്ച ആരോപണങ്ങളെല്ലാം തെറ്റാണെന്നും താൻ തികച്ചും നിരപരാധിയാണെന്നും

പിൽക്കാല ജൂതചരിത്രം തെളിയിച്ചു. ഇതിനെക്കുറിച്ചാണ് فَبَرَّأَهُ اللَّهُ -അല്ലാഹു അദ്ദേഹത്തെ കുറ്റമുക്തനാക്കി- എന്നു പറഞ്ഞത്. ഇസ്‌ലാമിക ചരിത്രകാരന്മാരും പല കഥകൾ ഉദ്ധരിച്ചിരിക്കുന്നു. ചില ഉദാഹരണങ്ങൾ: മൂസാ (അ) വലിയ ലജ്ജാശീലനായിരുന്നു. ശരീരം പൂർണമായി മറച്ചുകൊണ്ടാണ് ആളുകളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടിരുന്നത്. മൂസാക്ക് വൃഷണ വീക്കമുള്ളതുകൊണ്ടാണിതെന്ന് ആളുകൾ പറഞ്ഞു പരത്തി. ഒരിക്കൽ അദ്ദേഹം വസ്ത്രങ്ങൾ കരയിലെ കല്ലിൽ അഴിച്ചുവെച്ച് നദിയിൽ കുളിക്കാനിറങ്ങി. കുളി കഴിഞ്ഞ് കരയിലെത്തിയപ്പോൾ ആ കല്ല് വസ്ത്രവുമായി നടകൊണ്ടിരുന്നു. മൂസാ നഗ്നനായി, വസ്ത്രം ആവശ്യപ്പെട്ടുകൊണ്ട് കല്ലിനെ പിന്തുടർന്നു. ഇസ്രാഈല്യരുടെ ഒരു സഭയിലെത്തുന്നതുവരെ കല്ല് നിന്നില്ല. അങ്ങനെ അദ്ദേഹം നഗ്നനായി സഭയിലെത്തി. അദ്ദേഹത്തിന് വൃഷണ വീക്കമില്ലെന്ന് ആളുകൾക്ക് ബോധ്യമായി. ഇങ്ങനെ അല്ലാഹു അദ്ദേഹത്തെ ആരോപണമുക്തനാക്കുകയായിരുന്നു.

മറ്റൊരു കഥ ഇങ്ങനെ: മൂസാ (അ) ഹാറൂനെയും കൂട്ടി ഒരു കുന്നിൻമുകളിൽ പോയി. അവിടെ വെച്ച് ഹാറൂൻ മരണപ്പെട്ടു. അദ്ദേഹത്തിന്റെ ജഡം മലക്കുകൾ എടുത്തുകൊണ്ടുപോയി. മൂസാ തനിയെ തിരിച്ചുവന്നപ്പോൾ ആളുകൾ പറഞ്ഞു: മൂസാ സ്വന്തം സഹോദരനെ കുന്നിൻപുറത്ത് കൊണ്ടുപോയി കൊന്നുകളഞ്ഞിരിക്കുന്നു. തന്നെക്കാൾ സൗമ്യനും പരോപകാരിയുമായ ഹാറൂനിന് ലഭിച്ച ജനപ്രീതിയിൽ അസൂയ പൂണ്ടിട്ടാണ് അയാളത് ചെയ്തത്. ഇതുകേട്ട് മൂസാ ദുഃഖിതനായപ്പോൾ മലക്കുകൾ ഹാറൂന്റെ മൃതദേഹം ഇസ്രാഈല്യരുടെ മുന്നിൽ കൊണ്ടുവന്ന് കാണിച്ചു. ഹാറൂൻ സ്വാഭാവിക മരണം പ്രാപിച്ചതാണെന്ന് അവർക്ക് ബോധ്യമായി.

ഖാറൂൻ അദ്ദേഹത്തിനെതിരെ ലൈംഗികാരോപണം ഉന്നയിക്കാൻ ശ്രമിച്ചതാണ് ഇനിയൊരു കഥ. ഞാൻ വിളിച്ചുകൂട്ടുന്ന ഒരു സഭയിൽ വന്ന് മൂസാ താനുമായി അവിഹിത വേഴ്ചയിലേർപ്പെട്ടുവെന്ന് പ്രസ്താവിക്കാൻ ഖാറൂൻ ഒരു സ്ത്രീയെ ഏർപ്പാടാക്കി. പറഞ്ഞുറച്ച പ്രകാരം സ്ത്രീ സഭയിലെത്തിയെങ്കിലും ചൊല്ലിക്കൊടുത്ത വാചകങ്ങൾ പറയാൻ അവൾക്കായില്ല. അല്ലാഹു അവളെക്കൊണ്ട് സത്യം പറയിക്കുകയായിരുന്നു.

ഇത്തരം കഥകളൊന്നും ഖുർആൻ പരാമർശിക്കുന്നില്ല. മൂസായെ പീഡിപ്പിക്കുന്ന പല വർത്തമാനങ്ങളും ഇസ്രാഈല്യർ പറഞ്ഞിരുന്നതായി ഖുർആൻ ഉദ്ധരിക്കുന്നുണ്ടു താനും. ഉദാഹരണം:

وَإِذْ قُلْتُمْ يَا مُوسَىٰ لَن نُّؤْمِنَ لَكَ حَتَّىٰ نَرَى اللَّهَ جَهْرَةً

(അല്ലാഹുവിനെ നേരിൽ കാണുന്നതു വരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയില്ല- 2:55).

മരുഭൂമിയിൽ അന്നവും വെള്ളവുമില്ലാതെ വലഞ്ഞ ജനത്തിന് മൂസാ(അ)യുടെ പ്രാർഥനാ ഫലമായി അല്ലാഹു മന്നയും സൽവായും ഇറക്കിക്കൊടുത്തു. മൂസാ നബിയുടെ വടി കൊണ്ട് പാറയിൽ അടിച്ചപ്പോൾ ജലധാരകൾ ഒഴുകി. അപ്പോഴും അവർ മൂസായോട് പറഞ്ഞതിങ്ങനെ: لَن نَّصْبِرَ عَلَىٰ طَعَامٍ وَاحِدٍ(ഈ ഒരേതരം ഭക്ഷണം കൊണ്ട് ഞങ്ങൾക്ക് ക്ഷമിക്കാനാവില്ല-2:61). ശത്രുക്കളോട് യുദ്ധം ചെയ്ത് ഫലസ്തീനിലെ സ്വരാജ്യം വീണ്ടെടുക്കാൻ പറഞ്ഞപ്പോൾ ഇസ്രാഈല്യർ പറഞ്ഞു:

قَالُوا يَا مُوسَىٰ إِنَّا لَن نَّدْخُلَهَا أَبَدًا مَّا دَامُوا فِيهَا ۖ فَاذْهَبْ أَنتَ وَرَبُّكَ فَقَاتِلَا إِنَّا هَاهُنَا قَاعِدُونَ ﴿٢٤﴾

(അവർ ഘോഷിച്ചു: ഹേ മൂസാ, ആ അതികായന്മാർ അവിടെയുള്ളേടത്തോളം കാലം ഞങ്ങളൊരിക്കലും അങ്ങോട്ടു കടക്കുകയില്ല. താനും തന്റെ റബ്ബും ചെന്ന് യുദ്ധം ചെയ്തോ. ഞങ്ങൾ ഇവിടെ ഇരിക്കാം - 5:24). قَالُوا أُوذِينَا مِن قَبْلِ أَن تَأْتِيَنَا وَمِن بَعْدِ مَا جِئْتَنَا(അവർ വിമർശിച്ചു: നീ വരുന്നതിനു മുമ്പ് ഞങ്ങൾ മർദിതരായിരുന്നു. നീ വന്ന ശേഷവും ഞങ്ങൾക്ക് മർദനം തന്നെ-7:129). ഇസ്രാഈല്യരിൽനിന്ന് മൂസാ നബിക്ക് ഉണ്ടായ പീഡനം മനസ്സിലാക്കാൻ ഇത്തരം ഖുർആൻ വാക്യങ്ങൾതന്നെ മതി എന്ന് ഇമാം റാസി പ്രസ്താവിച്ചിട്ടുണ്ട്.

ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഒരു ഹദീസ് ആളുകൾ പ്രവാചകനെ വേദനിപ്പിച്ചിരുന്നതിന് ഉദാഹരണമാകുന്നു. ഇബ്നുമസ്ഊദ് (റ) പ്രസ്താവിച്ചു: ഒരു ദിവസം റസൂൽ തിരുമേനി ധനം വിതരണം ചെയ്യുകയായിരുന്നു. അപ്പോൾ ഒരു അൻസ്വാരി പറഞ്ഞു: 'ഈ വിതരണം ദൈവപ്രീതി ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല.' അതുകേട്ട് നബിയുടെ മുഖം ചുവന്നു. പിന്നെ പ്രസ്താവിച്ചു: رَحْمَةُ اللَّهِ عَلَى مُوسَى فَقَدْ أُوذِيَ بِأَكْثَرَ مِنْ هَذَا فَصَبَرَ- ''മൂസാക്ക് അല്ലാഹുവിന്റെ കാരുണ്യമുണ്ടാവട്ടെ. അദ്ദേഹം തീർച്ചയായും ഇതിലേറെ പീഡിപ്പിക്കപ്പെട്ടിരിക്കുന്നു. പക്ഷേ അദ്ദേഹം ക്ഷമിച്ചു.'' മൂസാ നബിക്കെതിരെയുണ്ടായ ആരോപണം ശരീരവൈകല്യമോ രോഗമോ സംബന്ധിച്ചായിരുന്നില്ല, അദ്ദേഹത്തിന്റെ പ്രവർത്തനം സംബന്ധിച്ചായിരുന്നു എന്ന് ഈ ഹദീസ് സൂചിപ്പിക്കുന്നു. നബി (സ) പ്രസ്താവിച്ചതായി ഇമാം അഹ്മദ് ഉദ്ധരിക്കുന്നു:

لَا يُبَلِّغْنِي أَحَدٌ مِنْ أَصْحَابِي عَنْ أَحَدٍ شَيْئًا فَإِنِّي أُحِبُّ أَنْ أَخْرُجَ إِلَيْكُمْ وَأَنَا سَلِيمُ الصَّدْرِ

(എന്റെ സഹാക്കളിലാരും ആരെക്കുറിച്ചും എന്നോട് ഒന്നും പറയരുത്. ശാന്തഹൃദയനായി നിങ്ങളുടെ അടുത്ത് വരാനാണ് ഞാൻ ആഗ്രഹിക്കുന്നത്). നബിയുടെ പ്രഭാഷണസദസ്സുകളിൽ ഇരുന്നു പോലും മുനാഫിഖുകൾ അദ്ദേഹത്തെ നിന്ദിച്ചിരുന്നതായി ഖുർആൻ 2:104, 4:46, 9:61 സൂക്തങ്ങളിൽ പറയുന്നു.

ആളുകൾ അതുമിതും പറഞ്ഞതുകൊണ്ടൊന്നും പ്രവാചകന്റെ വിശുദ്ധിക്ക് മങ്ങലേൽക്കുകയോ മഹത്വം നഷ്ടപ്പെടുകയോ ചെയ്യുന്നില്ല. മുഹമ്മദ് നബിയേക്കാളേറെ സ്വജനത്താൽ ആരോപണവിധേയനായ പ്രവാചകനായിരുന്നു മൂസാ(അ). എന്നിട്ടും അദ്ദേഹം അല്ലാഹുവിങ്കൽ ഏറെ പ്രമുഖൻ തന്നെയാണ്. وَجْه (മുഖം) -ൽനിന്ന് ഉത്ഭവിച്ച وجاهة-ന്റെ കർതൃപദമാണ് وجيه. ജനസമ്മതിയും അന്തസ്സും ഉയർന്ന പദവിയുമാണ് وجاهة-ഉം جاه-ഉം. ഇതിന്റെ ക്രിയാ രൂപം وَجُه ആണ് (അന്തസ്സുള്ളവനായി, പ്രമുഖനായി). അല്ലാഹുവിങ്കൽوجيه ആവുകയെന്നാൽ അവൻ തൃപ്തിപ്പെട്ടവനും പാപമുക്തനും പ്രാർഥന സ്വീകരിക്കപ്പെടുന്നവനുമാവുകയാണ്. ●